(ബി) കേരളത്തിൽ വർദ്ധിച്ചു വരുന്ന ഇടി മിന്നൽ പ്രതിഭാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(സി) ഏതെല്ലാം സ്ഥലങ്ങളെ ഇടിമിന്നൽ ഏരിയയായി പ്രഖ്യാപിച്ചിട്ടുണ്ട്; അത്തരം പ്രദേശങ്ങളിൽ എന്തൊക്കെ സുരക്ഷാ നടപടികളാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(ഡി) നാദാപുരം കുറ്റ്യാടി മേഖലകൾ ഇടിമിന്നൽ സാദ്ധ്യതാ പ്രദേശങ്ങളായി പരിഗണിച്ച് സെസ്സ് പഠനം നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) 2001 മുതൽ നാളിതുവരെ 165 പേർ

(ബി) കേരളത്തിലാകെ ഇടിമിന്നൽ വർദ്ധിക്കുന്നതായി സെസ്സ് നടത്തിയ പഠനങ്ങളിൽ കണ്ടിട്ടില്ല. ചില പ്രദേശങ്ങളിൽ ഇടിമിന്നൽ താല്കാലികമായി വർദ്ധിക്കുകയും ചിലയിടങ്ങളിൽ കുറയുകയും ചെയ്യുന്നതായി കാണാറുണ്ട്.

(സി) ഒരു സ്ഥലവും ഇടിമിന്നൽ ഏരിയയായി പ്രഖ്യാപിച്ചിട്ടില്ല. ഇടിമിന്നൽ പ്രതിഭാസത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനായി സെസ്സ് തയ്യാറാക്കിയ ലഘുലേഖകൾ എല്ലാ വില്ലേജാഫീസുകൾക്കും നൽകിയിട്ടുണ്ട്. കൂടാതെ മറ്റു മാധ്യമങ്ങൾ വഴിയും ഇതേക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ഡി) ഇല്ല.

സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകളുടെ എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷ

86. [851] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകൾ സംഘടിപ്പിച്ച എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ വിദ്യാർത്ഥികൾ തടയുകയുണ്ടായോ ;

(ബി) പ്രസ്തുത പരീക്ഷ തടഞ്ഞ വിദ്യാർത്ഥികളെ പോലീസ് മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിയമവിരുദ്ധമായി പ്രവേശന പരീക്ഷ നടത്തിയവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമോ ;

(ഡി) വിദ്യാർത്ഥി മാർച്ചിനുനേരെ മർദ്ദനം നടത്തിയവർക്കെതിരെ അന്വേഷണം നടത്തി ശക്തമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തടയുകയുണ്ടായി.

(ബി) പരീക്ഷ തടയാൻ ശ്രമിച്ച വിദ്യാർത്ഥികളെ തടയുകമാത്രമാണ് പോലീസ് ചെയ്തത്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) പരീക്ഷ തടയാൻ ശ്രമിച്ചവരെ മിതമായ ബലപ്രയോഗത്തിലൂടെ പിരിച്ചുവിടുക മാത്രമാണ് പോലീസ് ചെയ്തത്.

തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുവാൻ നടപടി

87 [852] ശ്രീ. ബി. വിജയകുമാർ:
" ടി.എൻ. പ്രതാപൻ:
" വി.ഡി. സതീശൻ:
" കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന തലസ്ഥാനത്ത് ഒരു ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

സംസ്ഥാനതലസ്ഥാനത്ത് ഹൈക്കോടതിയുടെ ഫയലിംഗ് അധികാരത്തോട് കൂടിയ ഒരു ബഞ്ച് സ്ഥാപിക്കുകയെന്നത് സംസ്ഥാനത്തിന്റെ ഒരു പൊതുതാൽപ്പര്യമാണ്. കേന്ദ്ര നിയമമന്ത്രി ശ്രീ. എച്ച്. ആർ. ഭരദ്വാജിനോട് ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് 25-6-2004-ൽ മുഖ്യമന്ത്രി കത്തയച്ചിട്ടുണ്ട്. എന്നാൽ ചീഫ് ജസ്റ്റിസുമായി ബന്ധപ്പെട്ട് ആലോചിച്ച് നിർദ്ദേശം സമർപ്പിക്കുവാനാണ് കേന്ദ്രമന്ത്രി മറുപടി നൽകിയത്. തിരുവനന്തപുരത്ത് ഹൈക്കോടതിയുടെ ഒരു സ്ഥിരം ബഞ്ച് നേടിയെടുക്കുന്നതിന് മറ്റേതെങ്കിലും വഴിയുണ്ടോയെന്നറിയിക്കുവാൻ നിയമവകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം ആരായുകയുണ്ടായി. ഹൈക്കോടതി ബഞ്ചിനാവശ്യമായ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും തിരുവനന്തപുരത്ത് ഇപ്പോൾ തന്നെ ലഭ്യമാണെന്നുള്ള വിവരവും ഇക്കാര്യത്തിൽ അധിക ബാദ്ധ്യത സർക്കാരിന് താങ്ങാവുന്നതാണെന്നും, ഇത്തരത്തിലൊരു ബഞ്ച് സംസ്ഥാന തലസ്ഥാനത്തിന് അത്യന്താപേക്ഷിതമാണെന്നുമുള്ള വിവരവും സംസ്ഥാന സർക്കാരിന് ബഹു. രാഷ്ട്രപതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണെന്നുള്ള നിയമസെക്രട്ടറിയുടെ നിർദ്ദേശത്തിന്മേൽ മന്ത്രിസഭയുടെ അംഗീകാരത്തോടുകൂടി 17-9-2004-ന് ഇതു സംബന്ധിച്ച് മുഖ്യമന്ത്രി ബഹു. രാഷ്ട്രപതിക്ക് കത്തയക്കുകയുണ്ടായി. ഇതു കൂടാതെ 23-7-2004-ൽ നിയമസഭ പാസാക്കിയ ഇതു സംബന്ധിച്ച പ്രമേയവും കേന്ദ്രനിയമകാര്യ സെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly